**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 510** **13-08-2021 - ൽ മറുപടിയ്ക്ക്**

**സാഗർ മിത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും സർക്കാരുമായി ബന്ധപ്പെടുന്നതിന് സാഗർ മിത്ര പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പ്രധാന മന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) എന്ന പദ്ധതിയുടെ കീഴിൽ കേന്ദ്ര വിഹിതം 60% സംസ്ഥാന വിഹിതം 40% എന്ന രീതിയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'മൾട്ടിപർപ്പസ് സപ്പോർട്ട് സർവ്വീസസ് - സാഗർ മിത്ര പദ്ധതി. 5 വർഷത്തേക്കാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 222 കടൽ മത്സ്യ ഗ്രാമങ്ങളിലാണ് 2020-21 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ കടൽ മത്സ്യത്തൊ ഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സർക്കാരിനും മത്സ്യത്തൊഴിലാളികൾക്കുമിടയിൽ ഒരു ഇന്റർഫേസ് ആയി പ്രവർത്തിയ്ക്കു ന്നവരാണ് സാഗർ മിത്രകൾ.<br>2020-21 വർഷം സാഗർ മിത്ര പദ്ധതിയ്ക്കായി 6 മാസത്തേയ്ക്ക് 199.8 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത തുകയിൽ 60% (119.88 ലക്ഷം രൂപ) കേന്ദ്ര സർക്കാർ വിഹിതവും 40% (79.92 ലക്ഷം രൂപ) സംസ്ഥാന സർക്കാർ വിഹിതവുമാണ്. പദ്ധതി പ്രകാരം സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 222 മത്സ്യ ഗ്രാമങ്ങളിലായി യോഗ്യരായ 222 സാഗർ മിത്രകളെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത് ആദ്യഘട്ടമായി 6 മാസത്തേയ്ക്ക് നിയമിച്ചു. പ്രസ്തുത കരാർ കാലം 2021 ഏപ്രിൽ മാസത്തിൽ അവസാനിച്ചു. നിലവിലുള്ള സാഗർ മിത്രകളെ തുടരാനും ആയതിനാ വശ്യമായ ഫണ്ട് അനുവദിയ്ക്കുന്നതിനും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിയ്ക്കുകയാണ്. ജില്ലകളിൽ ഇപ്പോഴും സാഗർ മിത്രകൾ പ്രവർത്തിയ്ക്കുന്നുണ്ട്. സാഗർ മിത്രകൾക്ക് ഓരോ മാസവും 15,000/- രൂപ ഇൻസെന്റീവ് നൽകും. സാഗർ മിത്രയുടെ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | ദിനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് നൽകുന്നത്. മത്സ്യമേഖലയിലെ വിവിധ പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച് പ്രാദേശിക മത്സ്യ ത്തൊഴിലാളികളിൽ അവബോധം സൃഷ്ടിയ്ക്കുക, മത്സ്യവിഭവങ്ങളുടെ പങ്കാളിത്ത മാനേജ്മെന്റിനെ പ്രോത്സാഹിപ്പിയ്ക്കുക, സർക്കാർ നയങ്ങളെയും, നിയന്ത്രണങ്ങളെയും, പരിപാടികളെയും കുറിച്ച് പ്രാദേശിക മത്സ്യത്തൊഴിലാളികളെ സംവേദന ക്ഷമമാക്കുക, കാലാവസ്ഥാ പ്രവചനങ്ങളും പ്രകൃതിക്ഷോഭങ്ങളെ ക്കുറിച്ചുള്ള അറിയിപ്പുകളും മത്സ്യ മേഖലയിൽ വ്യാപിപ്പിയ്ക്കുക, മത്സ്യത്തൊ ഴിലാളികളുടെ ഇടയിൽ മത്സ്യങ്ങളുടെ ശുചിത്വപരമായ കൈകാര്യം ചെയ്യൽ, വ്യക്തിഗത ശുചിത്വം, ആരോഗ്യ കരമായ ജീവിത തൊഴിൽ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിയ്ക്കുക, സുസ്ഥിര മത്സ്യ വിഭവ ഉപഭോഗത്തെ കുറിച്ചും, സമുദ്ര തീരദേശ ആവാസ വ്യവസ്ഥകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം, അശാസ്ത്രീയമായ മത്സ്യ ബന്ധനം തടയൽ എന്നിവയെക്കുറിച്ചും മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിയ്ക്കൽ, ബദൽ ഉപജീവന മാർഗ്ഗം, മത്സ്യ ബന്ധനത്തിന് ശേഷമുള്ള വിപണന പ്രവർത്തനങ്ങൾ എന്നിവയിലൂടെ സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിയ്ക്കുക, ദിവസേനയുള്ള മത്സ്യ ഉത്പാദന ത്തെക്കുറിച്ചുള്ള വിവരങ്ങൾ, കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെ വിവരങ്ങൾ, മത്സ്യ വില്പന വിപണന വിവരങ്ങൾ എന്നിവ സമാഹരിക്കുകയും ആയതു സർക്കാരിന് സമർപ്പിയ്ക്കുകയും ചെയ്യുക പരിശീലനങ്ങൾക്കായി മത്സ്യത്തൊഴി ലാളികളെ സജ്ജമാക്കുക, കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമതലപ്പെടുത്തുന്ന മറ്റ് പ്രവൃത്തികൾ ചെയ്യുക എന്നിവയാണ് സാഗർ മിത്രയുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും. |
| (ബി) | ഈ മേഖലയിൽ ദുരന്ത നിവാരണത്തിനും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ദുരന്ത നിവാരണത്തിനും രക്ഷാ പ്രവർത്തനം ഏകോപിപ്പിയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂന മർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യ ലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവ യുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിയ്ക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴി ലാളികൾക്ക് എത്തിച്ചു കൊടുക്കു ന്നതിനും, ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർ പ്പെട്ടിരിയ്ക്കുന്ന |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനയാനങ്ങ ളെയെല്ലാം കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ കൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്നതിനും, ഇത്തരം പ്രവൃത്തികൾക്കായി ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെൻറ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവയെ ഏകോപിപ്പിയ്ക്കുന്ന തിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക VHF റേഡിയോ സംവിധാനം, സാറ്റലൈറ്റ് ഫോൺ, ജി. പി. എസ്., ഹാർബറുകളെയും, മത്സ്യബന്ധന യാനങ്ങളെയും നിരീക്ഷിയ്ക്കുന്നതിനുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്നിവയും കൺട്രോൾ റൂമുകളിൽ സജ്ജീകരി ച്ചിട്ടുണ്ട്. ഇതെല്ലാം ദുരന്തനിവാരണ ത്തിനും രക്ഷാ പ്രവർത്തനം ഏകോപിപ്പിയ്ക്കുന്നതിനും സഹായക മായ സംവിധാനങ്ങളാണ്. കൂടാതെ കടലിൽ അപകടങ്ങളുണ്ടായാൽ രക്ഷാ പ്രവർത്തനം വേഗത്തിലാ ക്കുന്നതിന് സഹായകമാകുന്ന വിധം 3 മറൈൻ ആംബുലൻസുകൾ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നിവിടങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ